(ബി) ഇപ്പോൾ അവിടെ എന്തെല്ലാം പണികളാണ് നടക്കുന്നത്;

(സി) കിൻഫ്രാ അവിടെ ആരംഭിക്കുന്ന പ്രവർത്തനങ്ങളെ സംബന്ധിച്ച പ്രോജക്ടുകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) മഴുവന്നൂരിൽ കിൻഫ്രാ ഏറ്റെടുത്തിട്ടുള്ള ഭൂമിയിൽ കേന്ദ്രസഹായത്തോടുകൂടി ഒരു ചെറുകിട വ്യവസായ പാർക്കാണ് ഇപ്പോൾ നിർമ്മിച്ചുവരുന്നത്. ചെറുകിട വ്യവസായങ്ങൾ തുടങ്ങുന്നതിനുവേണ്ടി അടിസ്ഥാന സൗകര്യങ്ങളോടുകൂടിയ ഭൂമി ഇവിടെ ചെറുകിട വ്യവസായികൾക്ക് ലഭ്യമാക്കുന്നതാണ്.

(ബി) വ്യവസായങ്ങൾ തുടങ്ങുന്നതിനുള്ള അടിസ്ഥാനസൗകര്യങ്ങൾ സജ്ജമാക്കുന്ന പദ്ധതികളാണ് കിൻഫ്രാ നടത്തിക്കൊണ്ടിരിക്കുന്നത്.

(സി) കിൻഫ്രാ നേരിട്ട് വ്യവസായങ്ങൾ തുടങ്ങുന്നില്ല. വ്യവസായ സംരംഭകർക്ക് അടിസ്ഥാനസൗകര്യങ്ങൾ സജ്ജമാക്കുന്ന പ്രവർത്തനമാണ് കിൻഫ്രാ ചെയ്യുന്നത്. ഇവിടെ വ്യവസായികൾ ഭൂമി ഏറ്റെടുത്തതിനുശേഷമേ എന്തൊക്കെ ചെറുകിട വ്യവസായങ്ങൾ വരുമെന്ന് പറയാൻ സാധിക്കുകയുള്ളൂ.

260 (1439) ട്രാവൻകൂർ സിമന്റ്സിന്റെ ഡയറക്ടർ ബോർഡ് യോഗങ്ങൾ

ശ്രീ. എ.കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ട്രാവൻകൂർ സിമന്റ്സിന്റെ എത്ര ഡയറക്ടർ ബോർഡ് യോഗങ്ങൾ കൂടിയിട്ടുണ്ട്;

(ബി) ഓരോ യോഗവും എവിടെയെല്ലാം വച്ചാണ് കൂടിയത്;

(സി) ഈ യോഗങ്ങൾക്കുവേണ്ടി ഡയറക്ടർമാരുടെയും ഉദ്യോഗസ്ഥൻമാരുടെയും ടി.എ., ഡി.എ. ഭക്ഷണച്ചെലവ്, താമസച്ചെലവ്, എന്റർടെയിൻമെന്റ് ചെലവ് എന്നിവയ്ക്ക് ഓരോന്നിനുവേണ്ടി എന്തു തുക വീതം ചെലവഴിച്ചു എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) മുപ്പത്തി മൂന്ന്

(ബി) ഇതു സംബന്ധിച്ച വിവരം അനുബന്ധമായി വച്ചിട്ടുണ്ട്.†

(സി) ഈ യോഗങ്ങൾക്ക് വേണ്ടി ചെലവഴിച്ച തുകയുടെ ഏകദേശ കണക്ക് താഴെപ്പറയുന്നു;

1) ഡയറക്ടർമാരുടെ ടി.എ-45,000 രൂപ

2) ഡയറക്ടർമാരുടെ ഡി.എ-11,200 രൂപ

3) ഉദ്യോഗസ്ഥൻമാരുടെ ടി.എ-17,000 രൂപ

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

4) ഉദ്യോഗസ്ഥൻമാരുടെ ഡി.എ-4,000 രൂപ

5) ഭക്ഷണച്ചെലവ് - 66,000 രൂപ

6) താമസച്ചെലവ് - 17,000 രൂപ

7) എന്റർടെയിൻമെന്റ് ചെലവ് - ഇല്ല.

261 (1440) ട്രാവൻകൂർ സിമന്റ്സ്

ശ്രീ. ജോർജ്. ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ ഗവൺമെന്റിന്റെ കാലത്ത് ട്രാവൻകൂർ സിമന്റ്സിന് ഓരോ വർഷവും ഉണ്ടായ ലാഭവും നഷ്ടവും എത്ര വീതമാണെന്ന് അറിയിക്കുമോ;

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം പ്രസ്തുത കമ്പനിയുടെ ഓരോ വർഷത്തേയും ലാഭവും നഷ്ടവും എത്ര വീതമാണ് എന്ന് അറിയിക്കുമോ?

ഉത്തരം

(എ)&(ബി) പൊതുമേഖലാ സ്ഥാപനങ്ങളുടെ ലാഭനഷ്ടക്കണക്കുകൾ സാമ്പത്തിക വർഷാടിസ്ഥാനത്തിലാണ് കണക്കാക്കുന്നത്. ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡിന്റെ 1991-92 മുതൽ 1998-99 വരെയുള്ള ലാഭം (നികുതി കഴിച്ചതിന് ശേഷമുള്ളത്) താഴെപ്പറയുന്ന പ്രകാരമാണ്.

സാമ്പത്തികവർഷം	ലാഭം
1991 - 92	56,62,981 രൂപ
1992 - 93	36,26,261 രൂപ
1993 - 94	49,79,544 രൂപ
1994 - 95	66,47,045 രൂപ
1995 - 96	1,75,88,952 രൂപ
1996 - 97	1,23,34,574 രൂപ
1997 - 98	1,87,10,318 രൂപ
1998 - 99	1,94,32,232 രൂപ

262 (1441) ട്രാവൻകൂർ സിമന്റ്സ് അഡ്വർടൈസ്മെന്റിനത്തിൽ ചെലവാക്കിയ തുക

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഓരോ വർഷവും ട്രാവൻകൂർ സിമന്റ്സ് അഡ്വർടൈസ്മെന്റിനത്തിൽ ചെലവാക്കിയ തുക എത്രയാണ്;

(ബി) ഏതെല്ലാം മാദ്ധ്യമങ്ങൾക്ക് ഓരോ വർഷവും എന്തു തുകയ്ക്കുള്ള പരസ്യം നൽകി എന്ന് അറിയിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly